**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1487 03.10.2016 - ൽ മറുപടിയ്ക്ക്

**സാമൂഹ്യസുരക്ഷാ മിഷൻ**

ചോദ്യം
ശ്രീ.ടി.എ.അഹമ്മദ് കബീർ

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാമിഷന്റെ കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്നതും, സാമ്പത്തിക ക്രമക്കേടുകളോ, കൃത്യവിലോപമോ കണ്ടെത്തി കരാർ കാലാവധി അവസാനിപ്പിക്കുകയും ചെയ്ത ഏതെങ്കിലും ജീവനക്കാരന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കരാർ അടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ പുനർനിയമനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പേരു വിവരം നൽകുമോ; | (എ) | സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നതും, സാമ്പത്തിക ക്രമക്കേടുകളോ കൃത്യവിലോപമോ കണ്ടെത്തി കരാർ കാലാവധി അവസാനിപ്പിക്കുകയും ചെയ്ത ആരെയും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കരാർ അടിസ്ഥാനത്തിലോ ദിവസവേതന അടിസ്ഥാനത്തിലോ പുനർനിയമനം നല്കിയിട്ടില്ല. |
| (ബി) | പിരിച്ചുവിട്ടതിനുള്ള കാരണങ്ങളെക്കുറിച്ച് പുനരന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | നിയമനരീതി തെറ്റായതുകൊണ്ട് കരാർ നിയമനകാലാവധി നീട്ടി നല്കാതെ കാലാവധി അവസാനിപ്പിച്ച ആരെയെങ്കിലും വ്യവസ്ഥാപിതമായല്ലാതെ പുനർനിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെ ഉത്തരവു പ്രകാരമാണ് നിയമിച്ചതെന്നും നിയമനത്തിന് ഗവേണിംഗ്/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരമുണ്ടോ എന്നും വ്യക്തമാക്കുമോ? | (സി) | നിയമനരീതി തെറ്റായതുകൊണ്ട് കരാർ നിയമനകാലാവധി നീട്ടിനല്കാതെ കാലാവധി അവസാനിപ്പിച്ച ആരെയും വ്യവസ്ഥാപിതമല്ലാതെ പുനർനിയമിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**